NS/37772/2017/DPI D1. 15.5.17.

**കേരള സർക്കാർ**

**(സംഗ്രഹം)**

പൊതുവിദ്യാഭ്യാസ വകുപ്പ് - പ്രീപ്രൈമറി - 01/08/12-ൽ നിലവിലുണ്ടായിരുന്ന അദ്ധ്യാപിക/ആയ വിട്ടുതൽ ചെയ്താൽ പകരം യോഗ്യതയുള്ള ആളെ നിയമിക്കുന്നതിന് പി.റ്റി.എയ്ക്കുള്ള അനുവാദം - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(കൈ) നം. 37/2017/പൊ.വി.വ തീയതി, തിരുവനന്തപുരം 07/05/2017

പരാമർശം:- 1. 01/03/2017-ലെ സ.ഉ (സാധാ) 549/2017/പൊ.വി.വ
2. 06/03/2017-ലെ കേരള സ്റ്റേറ്റ് പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ നിവേദനം.

**ഉത്തരവ്**

01/08/12-ന് നിലവിൽ സർവ്വീസിൽ ഉണ്ടായിരിക്കുകയും ഓണറേറിയം കൈപ്പറ്റുകയും ചെയ്തിരുന്ന പ്രീപ്രൈമറി അദ്ധ്യാപിക/ആയ എന്നീ നിലകളിൽ പ്രവർത്തിക്കുന്നവർ ജോലിയിൽ നിന്നും വിട്ടുതൽ ചെയ്ത സാഹചര്യം ഉണ്ടായാൽ പകരം സർക്കാർ നിഷ്കർഷിപ്പിച്ച യോഗ്യതയുള്ളയാളെ നിയമിക്കുന്നതിന് പി.റ്റി.എയ്ക്ക് അനുവാദം നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓണറേറിയം വാങ്ങിവന്നിരുന്ന അദ്ധ്യാപിക/ആയ വിട്ടുതൽ ചെയ്ത തീയതി മുതൽ മാത്രമാണ് ഓണറേറിയത്തിന് അർഹത എന്നും ഇക്കാര്യത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നില്ല എന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതും അതിനനുസൃതമായ നിർദ്ദേശം സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നൽകേണ്ടതുമാണ് എന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

മേൽ സൂചിപ്പിച്ച അദ്ധ്യാപിക/ആയ എന്നിവർ സ്വയം വിട്ടുതൽ ചെയ്യുകയോ മരണപ്പെടുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ അപ്രകാരമുള്ള ഒഴിവുകളിൽ അതാത് സബ് ജില്ലകളിൽ തൊഴിൽ നഷ്ടപ്പെട്ട് നിൽക്കുന്ന അദ്ധ്യാപിക/ആയമാരെ നിയമിക്കണമെന്ന് കേരള സ്റ്റേറ്റ് പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/08/12-ന് നിലവിൽ സർവ്വീസിൽ ഉണ്ടായിരിക്കുകയും ഓണറേറിയം കൈപ്പറ്റുകയും ചെയ്തിരുന്ന പ്രീപ്രൈമറി അദ്ധ്യാപിക/ആയ എന്നീ നിലകളിൽ പ്രവർത്തിക്കുന്നവർ ജോലിയിൽ നിന്നും വിട്ടുതൽ

MENTORS KERALA

ചെയ്ത സാഹചര്യം ഉണ്ടായാൽ പകരം അതത് ഉപജില്ലകളിൽ തൊഴിൽ നഷ്ടപ്പെട്ട് നിയമനം കാത്തു നിൽക്കുന്നവർക്ക് ടി ഒഴിവിലെ നിയമനത്തിന് മുൻഗണന നൽകുവാനും ഇപ്രകാരം ഒരാൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം പി.റ്റി.എ യുടെ സമ്മതപ്രകാരം മറ്റൊരു സ്കൂളിൽ ഓണറേറിയം കൈപ്പറ്റി വരുന്ന ആളുടെ സ്ഥലംമാറ്റം അനുവദിക്കാനും ഉത്തരവാകുന്നു. ഇത്തരത്തിലുള്ള സ്ഥലം മാറ്റം പ്രീപ്രൈമറി ക്ലാസ്സുകളുടെ നടത്തിപ്പിനു ഒരു വിഘാതവും വരുത്തുന്നില്ല എന്നത് അതാത് സ്കൂളിലെ പ്രധാനാധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്. 01/03/2017-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഉഷടൈറ്റസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

MENTORS KERALA